# പഴയപാത വെളുത്തമേഘങ്ങൾ

## ഗൌതമബുദ്ധന്റെ ജീവിത കഥ

## പുസ്തകം ഒന്ന്

ഗ്രന്ഥകാരൻ : തിച്ച് നാത് ഹാൻ

വിവർത്തകൻ : കെ . അരവിന്ദാക്ഷൻ

വില : 110 രൂപ

വിതരണം : കറന്റ് ബുക്സ് , തൃശൂർ

ഈ പുസ്തകത്തിന്റെ വിവർത്തനത്തിൽ നിന്നുള്ള പ്രതിഫലം അർബുദരോഗത്താൽ വേദനയനുഭവിക്കുന്നവർക്കായി പ്രവർത്തിക്കുന്ന തൃശൂരിലെ സ്വാന്തന ചികിത്സാ കേന്ദ്രത്തിന് നൽകുന്നതാണ്.

# ഗ്രന്ഥകർത്താവിനെക്കുറിച്ച് :

## തിച്ച് നാത് ഹാൻ

സന്യാസിയും അദ്ധ്യാപകനും ഗ്രന്ഥകർത്താവും കവിയും സമാധാനപ്രവർത്തകനുമായ തിച്ച് നാത് ഹാൻ 1 926 ൽ വിയറ്റ് നാമയിൽ ജനിച്ചു. പതിനാറാമത്തെ വയസ്സിൽ ബുദ്ധമതം പഠിക്കാനാരംഭിച്ചു. 1949 മുതൽ സന്യാസം സ്വീകരിച്ചു . വിയറ്റ്നാം യുദ്ധത്തിൽ വീട് നഷ്ടപ്പെട്ട തകർന്ന ഗ്രാമീണരുടെ ക്ഷേമപ്രവർത്തനത്തിനായി 1960 ൽ സ്കൂൾ ഓഫ് സോഷ്യൽ സർവ്വീസ് സൈഗോണിൽ സ്ഥാപിച്ചു. 1960 ൽ താരതമ്യ മതപഠനത്തിനായി പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ ചേരുകയും പിന്നീട് കൊളംബിയ യൂണിവേഴ്സിറ്റിയിൽ ബുദ്ധിസ്റ്റ് ലക് ച്ചർ ആവുകയും ചെയ്തു. ഫ്രഞ്ച് , ചൈനീസ് , സംസ്കൃതം , പാലി , ജപ്പാൻ , ഇംഗ്ലീഷ് , എന്നീ ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടി . വിയറ്റ്നാം യുദ്ധത്തിനെതിരെ നിരവധി പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി . ഒരു ബുദ്ധിസ്റ്റ് അദ്ധ്യാപകനും പ്രഭാഷകനും എന്ന നിലയിൽ പാശ്ചാത്യലോകത്ത് അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു. ലോകത്തിന്റെ പല സ്ഥലങ്ങളിലും ബുദ്ധമത പഠനകേന്ദ്രങ്ങൾ സ്ഥാപിച്ചു. നിരവധി വർഷങ്ങൾ സ്വന്തം രാജ്യത്തിനു പുറത്ത് അഭയാർഥി ആയി കഴിഞ്ഞ അദ്ദേഹം 2005 ൽ വിയറ്റ്നാമിലേക്ക് തിരിച്ചു വന്നു. ലോകത്തെമ്പാടും സമാധാനത്തിനുവേണ്ടിയുള്ള പ്രഭാഷണങ്ങളിലും പ്രവർത്തങ്ങളിലും ഏർപ്പെട്ടിരിക്കുന്ന തിച്ച് നാത് ഹാൻ നൂറിലേറെ പുസ്തകങ്ങളുടെ രചയിതാവാണ് .

# വിവർത്തകനെക്കുറിച്ച് :

## കെ . അരവിന്ദാക്ഷൻ

ജനനം : തൃശ്ശൂർ ജില്ലയിൽ വെങ്ങിണിശ്ശേരി ഗ്രാമത്തിൽ 1953 ൽ
അച്ഛൻ : കുമാരൻ
അമ്മ: കാർത്ത്യായനി
അമ്മാടം സെൻ്റ് ആൻ്റണീസ് ഹൈസ്കൂൾ , സെൻ്റ് തോമാസ് കോളേജ് തൃശ്ശൂർ , എന്നിവടങ്ങളിൽ നിന്ന് വിദ്യാഭ്യാസം
ഭഗൽപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഗാന്ധിയൻ ചിന്തയിൽ ഡോക്ടറേറ്റ്
കൃതികൾ : നിലാവിൻ്റെ വിരലുകൾ , കുശിനാരിയിലേക്ക് , ജീവപര്യന്തം ( നോവലുകൾ ) അലക്കുയന്ത്രം , മീര ചോദിക്കുന്നു , ( ചെറുകഥ ) ഗാന്ധിയുടെ ജീവിത ദർശനം , ഗാന്ധിയൻ കാഴ്ചകൾ , രാമൻ - ഗാന്ധി - അംബേദ്കർ , അധികാരത്തിൻ്റെ മതങ്ങൾ - കാവി പച്ച ചുമപ്പ് , അമ്മയെ മറന്നു പോകുന്ന ഉണ്ണികൾ , ഹരിതരേഖകൾ ( പഠനരേഖകൾ ) , മരങ്ങൾ നട്ട മനുഷ്യൻ ( വിവർത്തനം )
ഗാന്ധിയുടെ ജീവിത ദർശനം എന്ന പുസ്തകത്തിന് 95 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.
ഭാര്യ : വിജയലക്ഷ്മി
മക്കൾ : ജയദേവൻ , മീര
വിലാസം : വാൾഡൻ , എറവ് , തൃശ്ശൂർ -680620

## പുസ്തകത്തെക്കുറിച്ച് :

ആമുഖത്തിൽ തന്നെ വിവർത്തകൻ ഗ്രന്ഥാവിർഭാവ സാഹചര്യത്തെക്കുറിച്ച് വ്യക്തമാക്കുന്നുണ്ട് . അതുകൊണ്ടുതന്നെ ഇക്കാര്യത്തിനുവേണ്ടി മറ്റൊരിടത്തുനിന്നും വിശദീകരണങ്ങൾ വേണ്ടതന്നെ .

ബുദ്ധൻ്റെ ജീവിതവുമായി ഗാഢ ബന്ധമുള്ള പാലി ഭാഷയിലെ

രേഖകളിൽ നിന്നും സൂത്രങ്ങളിൽ നിന്നുമാണ് തിച്ച് നാത് ഹാൻ സമഗ്രമായ ഈ ജീവിത കഥ രൂപപ്പെടുത്തിയിട്ടുള്ളത് .ബുദ്ധനെ സാധാരണ മനുഷ്യനായി കാണാനാണ് ഇതിലുടനീളം ശ്രമിച്ചിട്ടുള്ളത് . അത്ഭുത കഥകൾ ഈ ജീവിത കഥയിലില്ല . ലളിതമാണ് തിച്ച് ഹാനിന്റെ കഥ പറച്ചിൽ . ആഴമേറിയ ദർശനങ്ങൾ കുട്ടികൾക്കുപോലും മനസ്സിലാകുന്ന പാകത്തിലാണ് അദ്ദേഹം ബുദ്ധന്റെ ജീവിതവുമായി സന്നിവേശിപ്പിച്ചിട്ടുള്ളത് .

എൺപത്തൊന്ന് അദ്ധ്യായങ്ങളുള്ള മൂന്ന് പുസ്തകങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത് . ഒന്നാം പുസ്തകത്തിൽ ഇരുപത്തിയൊമ്പത് അദ്ധ്യായങ്ങളുണ്ട് . ഗൌതമന്റെ ജനനം , ബാല്യം , കൌമാരം , വിവാഹം തുടങ്ങി ബോധോദയത്തിനുശേഷം വരെയുള്ള ജീവിതം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . സ്വാസ്തിയെന്ന് കാലിച്ചെറുക്കന്റെ ജീവിതത്തിലൂടെയാണ് ബുദ്ധകഥ വിടരുന്നതും വികസിക്കുന്നതും . തനിക്ക് ബോധോദയം ഉണ്ടായ അനുഭവം ഗൌതമൻ ആദ്യമായി പറയുന്നത് സ്വാസ്തിയോടാണ് . തനിക്കുണ്ടായ ബോധോദയം എന്താണെന്ന് , ഗൌതമൻ കുട്ടികളോടാണ് വളരെ ലളിതമായി കഥകളിലൂടെ വിശദീകരിക്കുന്നത് .ഈ പുസ്തകം കുട്ടികൾക്കും യുവതീയുവാക്കൾക്കുമുള്ളതാണ് . എല്ലാതരം വിഭാഗീയതകളേയും അധഃകരിച്ച് പ്രപഞ്ചത്തിലെ സചേതനവും അചേതനവുമായ സകലതിനേയും ഉൾക്കൊള്ളുന്ന ബുദ്ധന്റെ ജീവിത ദർശനം , ഇനി സക്രിയമാക്കേണ്ട ഉത്തരവാദിത്തം അവർക്കാണല്ലോ .

തിച്ച് നാത് ഹാൻ സെൻ ബുദ്ധിസ്റ്റ് ഭിക്ഷുവും പണ്ഡിതനും ആക്ടിവിസ്റ്റുമാണ് . വിയറ്റ്നാമിലെ സൈഗോണിൽ വാൻ ഹാൻ ബുദ്ധിസ്റ്റ് സർവ്വകലാശാലയുടെ സ്ഥാപകനാണദ്ദേഹം . ഫ്രാൻസിൽ പ്ലം ഗ്രാമത്തിൽ അദ്ദേഹത്തിന്റേതായി ഒരു കമ്മ്യൂണുണ്ട് . അവിടെ അദ്ദേഹം

പഠിപ്പിക്കുന്നു , എഴുതുന്നു , കൃഷിചെയ്യുന്നു. ലോകത്തിന്റെ പലകോണുകളിലും അദ്ദേഹം "ജീവനകലെയെക്കുറിച്ച്" ധ്യാനങ്ങൾ നടത്താറുണ്ട് .

നാം പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ കാലിച്ചെറുക്കാനായ സ്വാസ്തിയെന്ന താഴ്ന്ന ജാതിക്കാരനെ ബുദ്ധൻ സംഘത്തിൽ ചേർത്തതിനുശേഷമുള്ള സ്വാസ്തിയുടെ ബുദ്ധനെക്കുറിച്ചുള്ള നിരീക്ഷണം ഇന്നത്തെ സ്ട്രസ് മേനേജ്മെന്റ് തെറാപ്പിയെപ്പോലും അത്ഭുതപ്പെടുത്തുന്നതാണ്

## ഭിക്ഷുക്കളുടെ ദിനചര്യകൾ എങ്ങനെ ?

" നടത്തം ആസ്വദിക്കാൻ വേണ്ടിയാണ് ബുദ്ധൻ നടക്കുന്നതെന്ന് സ്വാസ്തിക്കു തോന്നി . എവിടെയെങ്കിലും എത്തിച്ചേരണമെന്നതിനെക്കുറിച്ച് യാതൊരുവിധ ആശങ്കയും അദ്ദേഹത്തിനില്ല. അതുപോലെത്തന്നെ മറ്റെല്ലാം ഭിക്ഷുക്കളും . ലക്ഷ്യത്തിലെത്താൻ ആർക്കെങ്കിലും ആകാംക്ഷയോ അക്ഷമയോ ഉള്ളതായി കണ്ടില്ല. ഓരോ മനുഷ്യന്റേയും കാൽവെപ്പുകൾ മന്ദവും സമതുലിതവും ശാന്തവുമായിരുന്നു. എല്ലാവരുമൊന്നിച്ച് ആനന്ദകരമായ ഒരു ഉല്ലാസയാത്ര ചെയ്യുന്നതുപോലെ . ആരും ക്ഷീണിതനായി കാണപ്പെട്ടില്ല .എന്നാൽ ഓരോ ദിവസവും നല്ലൊരു ദൂരം പിന്നിടുകയും ചെയ്തു.

## യാചനാരീതിയെക്കുറിച്ച് ??

ഓരോ പ്രഭാതത്തിലും അവർ അയൽഗ്രാമത്തിൽ ഭക്ഷണം യാചിക്കാനായി തങ്ങും . തെരുവിലൂടെ ഒറ്റവരിയായി നടന്ന് . ഏറ്റവും തലക്കൽ ബുദ്ധൻ . സ്വാസ്തി ഏറ്റവും ഒടുവിൽ .രാഹുലിന്റെ തൊട്ടുപിന്നിൽ ഓരോ ശ്വാസവും ഓരോ അടിയും ശ്രദ്ധിച്ച് വളരെ

കുലീനതയോടെയാണ് അവർ നടന്നത് . തങ്ങളുടെ പാത്രങ്ങളിൽ ഗ്രാമീണർ ഭക്ഷണം അർപ്പിക്കുന്ന നിമിഷം , അവർ നിൽക്കും . ചില ഗ്രാമീണർ പാതയോരത്ത് മുട്ടുകുത്തും . ഭക്ഷണം സ്വീകരിക്കുന്നതോടൊപ്പം ഭിക്ഷുക്കൾ ജനങ്ങൾക്കായി ശാന്തരായി പ്രാർത്ഥന നടത്തും .

ഭിക്ഷാടനം തീരുന്നതോടെ , അവർ സാവകാശം ഏതെങ്കിലും മരത്തണലുകളിലേക്കോ പുൽമൈതാനിയിലേക്കോ നീങ്ങും . ഭക്ഷണം കഴിക്കുവാനുള്ള ഇടം തേടി . വൃത്താകൃതിയിലാണ് അവർ ഇരിക്കുക , ഭക്ഷണം ഏവർക്കും തുല്യമായി പങ്കിട്ട് ; ഒഴിഞ്ഞു കിടക്കുന്ന പാത്രം നിറക്കാൻ ശ്രദ്ധിച്ച് . തൊട്ടടുത്തുള്ള അരുവിയിൽ നിന്ന് രാഹുലൻ മൊന്തയിൽ വെള്ളം നിറച്ച് ആദരപൂർവ്വം ബുദ്ധന്റെ അടുത്തേക്ക് കൊണ്ടുപോയി .ബുദ്ധൻ താമരമൊട്ടുപോലെ കൈകളൊതുക്കി ; രാഹുലൻ കൈകഴുകുവാനായി വെള്ളം ഒഴിച്ചുകൊടുത്തു.ഇതുതന്നെ അവർ ഓരോരുത്തർക്കും ചെയ്തു. അവസാനം സ്വാസ്തിക്കും . സ്വാസ്തിക്ക് ഇനിയൊരു ഭിക്ഷാപാത്രം ഇല്ലാത്തതിനാൽ രാഹുലൻ അവന്റെ പാത്രത്തിലെ നേർപകുതി ഭക്ഷണം ഒരു വാഴയിലയിൽവെച്ച് തന്റെ പുതിയ ചങ്ങാതിക്കുകൊടുത്തു. കഴിക്കാൻ തുടങ്ങുന്നതിനു മുൻപ് ഭിക്ഷുക്കൾ കൈകൾ കൂപ്പി പ്രാർത്ഥിച്ചു. എന്നിട്ട് നിശ്ശബ്ദരായി അതീവ ശ്രദ്ധയോടെ ഓരോ വറ്റും കഴിച്ചു.

## ഭക്ഷണത്തിനു ശേഷം .......

ഭക്ഷണം പൂർത്തിയായപ്പോൾ , ചില ഭിക്ഷുക്കൾ നടന്നു ധ്യാനം ശീലിച്ചു . ചിലർ ഇരുന്ന് ധ്യാനം . മറ്റു ചിലർ ചെറുതായൊന്നു മയങ്ങി . ചൂടിന്റെ കാഠിന്യം ഒന്നു ശമിച്ചതും , അവർ വീണ്ടും തെരുവിലിറങ്ങി , ഇരുട്ടുന്നതുവരെ നടന്നു. രാത്രി വിശ്രമത്തിൽ ഏറ്റവും അനുയോജ്യമായ ഇടം ശാന്തത

ഭഞ്ജിക്കാത്ത വനങ്ങളാണ് . അങ്ങനെ നല്ലൊരിടം കണ്ടെത്തുന്നതുവരെ അവർ നടന്നു. ഓരോ ഭിക്ഷുവിനും സ്വന്തമയൊരു ഉപധാനമുണ്ട് .ഉറങ്ങാനുള്ള വിരിവിരിക്കുന്നതിനു മുൻപ് , മിക്ക ഭിക്ഷുമാരും , രാത്രിയുടെ പകുതിയോളം നേരം , കാലുകൾ പിണച്ച് പത്മാസനത്തിലിരുന്നു. ഓരോ ഭിക്ഷുവിനും രണ്ട് വസ്ത്രങ്ങൾ വീതം ഉണ്ടായിരുന്നു .ഒന്നദ്ദേഹം ഉടുത്തിരുന്നത് .മറ്റൊന്ന് തണുപ്പും കാറ്റും അടിക്കാതെ പുതക്കാൻ . മറ്റുള്ളവരെപ്പോലെ സ്വാസ്തി ധ്യാനത്തിനിരുന്നു . മരത്തിന്റെ വേര് തലയണയാക്കി മണ്ണിൽ കിടന്നുറങ്ങാനും പഠിച്ചു.

## എന്താണ് സന്യാസരീതികൾ ?

വിഹാരത്തിലെ ജീവിത രീതികൾ സ്വസ്തിക്ക് പരിചയപ്പെടുത്തിക്കൊടുത്തത് രാഹുലനാണ് . എങ്ങനെ നടക്കണം , ഇരിക്കണം , നിൽക്കണം , ഉപചരിക്കണം , നടന്ന് ധ്യാനവും ഇരുന്ന ധ്യാനവും ചെയ്യണം ശ്വാസം നിരീക്ഷിക്കണം . എപ്രകാരമാണ് സന്യാസി വസ്ത്രം ധരിക്കേണ്ടത് , ഭക്ഷണം യാചിക്കേണ്ടത് , പ്രാർത്ഥിക്കേണ്ടത് , ഭിക്ഷാപാത്രം കഴുകേണ്ടത് എന്നിവയും രാഹുലൻ സ്വാസ്തിക്കു കാണിച്ചുകൊടുത്തു.

## ആരാണ് ഒരു ബുദ്ധഭിക്ഷു ?

ബുദ്ധനെ ഗുരുവാക്കി , ബോധോദയത്തിലേക്ക് നയിക്കുന്ന ധർമ്മമാർഗ്ഗമായി , മാർഗ്ഗത്തിലൂടെയുള്ള യാത്രയിലെ താങ് സംഘമായി പിന്തുടരുവാൻ , വീട് വിട്ടിറങ്ങിയവനാണ് ഒരു ഭിക്ഷു . ഒരു ഭിക്ഷുവിന്റെ ജീവിതം ലളിതവും വിനീതവുമാണ് . ഭിക്ഷാടനത്തിലൂടെ വിനിമയം വളരുന്നു . മറ്റുള്ളവരുമായി ഇടപെഴകുന്നതിനുള്ള ഒരു മാർഗ്ഗം കൂടിയാണത് ; ബുദ്ധൻ പഠിപ്പിച്ച സ്നേഹത്തിന്റെ മാർഗ്ഗവും തിരിച്ചറിവും അവരിലുണ്ടാകാൻ

സഹായിക്കുന്നു.
ബുദ്ധമാർഗ്ഗം പരിശീലിക്കുവാനുള്ള ഒരു വഴിയാണ് യാചന .

## ബുദ്ധന്റെ പഠനരീതിയുടെ പ്രത്യേകത ?

Known to Unknown എന്ന രീതി വിദ്യാഭ്യാസ മനഃശ്ശാസ്ത്രത്തിൽ പ്രസിദ്ധമാണല്ലോ .
നമുക്ക് ബുദ്ധിസ്റ്റിക് അദ്ധ്യാപനരീതിക്ക് പുസ്തകത്തിൽ നൽകിയ ഉദാഹരണമൊന്നു നോക്കാം .
കാലികളെ പരിപാലിക്കുന്ന ഒരു സമൂഹവുമായി ബന്ധമുള്ള ഭിക്ഷുക്കളോട് കാലിമേക്കലിലൂടെ പറഞ്ഞാണ് ബുദ്ധൻ തന്റെ മാനേജ്മെന്റ് സിദ്ധാന്തങ്ങൾ ശിഷ്യരോട് വ്യക്തമാക്കുന്നത് .

## കാലികളെ മേക്കുന്ന പയ്യൻ എന്തൊക്കെ അറിയണം .

അവന് എന്തൊക്കെ ചെയ്യാനാകും . കാലികളെ നല്ലവണ്ണം ശ്രദ്ധിക്കുന്ന ഒരു ബാലൻ തന്റെ സംരക്ഷണയിലുള്ള ഓരോന്നിനേയും എളുപ്പത്തിൽ തിരിച്ചറിയുന്നു. ഓരോന്നിന്റേയും നൈസർഗ്ഗികതയും വാസസ്ഥലവും അറിയുന്നു . കാലികളെ ഉരച്ചുകഴുകേണ്ടത് എങ്ങനെയെന്ന് അറിയുന്നു . അവയുടെ വ്രണങ്ങൾ ഉണക്കേണ്ടതെങ്ങനെയെന്ന് , പുകയിട്ട് എങ്ങനെ കൊതുകുകളെ ഓടിക്കാം . കാലികളുടെ സുരക്ഷിതമായ നടച്ചാലുകൾ ഏവ ? അവയെ എങ്ങനെ സ്നേഹിക്കാം ? അവക്ക് നദി മുറിച്ചുകടക്കാനുള്ള നിലയുള്ള സുരക്ഷിത ഭാഗങ്ങൾ കണ്ടുപിടിക്കാം ശുദ്ധമായ പുല്ലും വെള്ളവും തേടാം മേച്ചിൽ

സ്ഥലങ്ങൾ പരിപാലിക്കാം . പ്രായമായവയെ ചെറുപ്പമായവക്ക് മാതൃകയാക്കാം

## ഭിക്ഷുവും കാലിമേക്കുന്ന പയ്യനും തമ്മിലുള്ള സാമ്യങ്ങൾ !!

ഭിക്ഷുമാരെ ശ്രദ്ധിക്കുക , തന്റെ സ്വന്തം കാലികളെ കാലിച്ചെറുക്കൻ ഏതുപോലെ തിരിച്ചറിയുന്നുവോ , അതുപോലെ ഓരോ ഭിക്ഷുവും തന്റെ സ്വന്തം ശരീരത്തിലെ സർവ്വപ്രധാനമായ മൂലധാതുക്കളെ തിരിച്ചറിയുന്നു.ഒരു കാലിച്ചെറുക്കൻ ഏതുവിധേന ഒരു കാലിയുടെ നൈസർഗ്ഗികതകളും വാസനകളും തിരിച്ചറിയുന്നുവോ അതുപോലെ ഭിക്ഷു തന്റെ ശരീരത്തിന്റേയും വാക്കിന്റേയും മനസ്സിന്റേയും ഏതൊക്കെ പ്രവർത്തികളാണ് ഉചിതമെന്നും ഏതൊക്കെ ഉചിതമായിട്ടുള്ളവയല്ല എന്നും അറിയുന്നു.

ഒരു കാലിച്ചെറുക്കൻ തന്റെ കാലികളെ ഉരച്ചുകഴുകി വൃത്തിയാക്കുന്നതെങ്ങനെയോ അതുപോലെ ഒരു ഭിക്ഷു തന്റെ മനസ്സിനേയും ശരീരത്തിന്റെ ഇച്ഛകളേയും ആസക്തികളേയും കോപത്തേയും വൈമുഖ്യങ്ങളേയും ഉരച്ചുകഴുകി വൃത്തിയുള്ളതാക്കിയിരിക്കണം

കാലിച്ചെറുക്കൻ തന്റെ കാലികളെ എങ്ങനെ കൊതുക കടിയിൽ നിന്ന് സംരക്ഷിക്കുന്നുവോ , അതുപോലെയാണ് ഒരു ഭിക്ഷു ഉണർന്നിരുന്ന് തന്റെ ചുറ്റുള്ളവർക്ക് മനസ്സിന്റേയും ശരീരത്തിന്റേയും ദുരൂഹതകൾ എങ്ങനെ വർജ്ജിക്കാമെന്ന് ഉപദേശിക്കുന്നത് .

എങ്ങനെയാണോ ഒരു കാലിച്ചെറുക്കൻ തന്റെ കാലികൾക്ക്

സുരക്ഷിതമായ നടച്ചാല് കണ്ടെത്തുന്നത് , അതുപോലെയാണ് ഒരു ഭിക്ഷു പ്രസക്തിയിലേക്കും സമ്പത്തിലേക്കും കാമാസക്തിയിലേക്കും - മദ്യശാലകൾ , ഭോഗശാലകൾ തുടങ്ങിയവ – നയിക്കുന്ന പാതകൾ വർജ്ജിക്കുന്നത്.

## സന്യാസി ബന്ധുക്കളേയും സുഹൃത്തുകളേയും കൈകാര്യം ചെയ്യേണ്ടതെങ്ങനെ ?

ഒരു കാലിച്ചെറുക്കൻ എങ്ങനെയാണോ അവന്റെ പുൽമൈതാനങ്ങൾ അമിതമായി മേയാതെ സംരക്ഷിക്കപ്പെടുന്നത് , അതുപോലെയാണ് ഒരു ഭിക്ഷു തന്റെ അയൽ ഗ്രാമങ്ങൾ ഭിക്ഷയാചിക്കുമ്പോൾ ബന്ധങ്ങൾ പരിരക്ഷിക്കപ്പെടാൻ ശ്രദ്ധിക്കേണ്ടത്

ഇത്തരത്തിൽ കാലിമേക്കുന്നവർ അറിഞ്ഞിരിക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെടുത്തിയുള്ള അദ്ധ്യാപന രീതി ഏവരേയും ആകർഷിക്കുന്നതാണ് .

## നുണ വിശ്വസിപ്പിച്ചാൽ സത്യമാകുമോ ?

മറ്റൊരാൾ വിശ്വസിച്ചാലും ഇല്ലെങ്കിലും സത്യം സത്യം തന്നെയാണ് . ഒരു കോടി മനുഷ്യർ ഒരു നുണ വിശ്വസിച്ചെന്നിരിക്കട്ടെ . എന്നാലും അത് നുണതന്നെയാണ് . സത്യസന്ധമായി ജീവിക്കുവാൻ നിങ്ങൾക്ക് അപാരമായ ധൈര്യം വേണം .

## ബുദ്ധന്റെ ബോധോദയവുമായി ബന്ധപ്പെട്ട ചിലത് :

ശരീരത്തെ പീഡിപ്പിച്ചതുകൊണ്ട് ഒരാൾക്ക് ശാന്തിയോ ധാരണയോ കിട്ടില്ല .

ഇന്ദ്രിയ സുഖത്തിനുവേണ്ടി ശരീരത്തെ പ്രീണിപ്പിക്കുകയാണെങ്കിൽ നമുക്ക് കാര്യമായൊന്നും നിർവ്വഹിക്കാനാവില്ല .

സ്വയം പീഡനത്തിന്റെ പാത തെറ്റാണ് . കഠിന വ്രതങ്ങളിലൂടെ ശരീരത്തെ പീഡിപ്പിച്ചുകൊണ്ടുള്ള സന്യാസരീതി ശരിയല്ല .

ഇത് വായിക്കുമ്പോൾ ശരീരപീഡനവുമായി ബന്ധപ്പെട്ട പല ഭക്തിരീതികളേയും നമുക്ക് ഓർമ്മ വരും

## സിദ്ധാർത്ഥൻ എന്ന പേർന്നർത്ഥം ?

ലക്ഷ്യം നിറവേറ്റുന്നവൻ എന്നാണത്രെ !

## സന്യാസിക്ക് പരിചാരകനെ വേണോ ?

വേണ്ട എന്നത്രെ ബുദ്ധൻ പറയുന്നത്

## ബുദ്ധൻ വീടുവിട്ടു പോരുംപ്പോൾ യശോധര ഉറങ്ങുകയായിരുന്നുവോ ?

ഏതൊരു മനുഷ്യനെപ്പോലെയും ഈ കാര്യങ്ങൾ അറിയുവാൻ സ്വാസ്ഥിക്കു താല്പര്യമുണ്ടായിരുന്നു

സിദ്ധാർത്ഥൻ കൊട്ടാരം വിട്ടിറങ്ങുന്നതിനു മുമ്പ് തിരശ്ശീല ഉയർത്തിനോക്കിയപ്പോൾ , യശോധര യഥാർത്ഥത്തിൽ ഉറങ്ങുകയായിരുന്നുവോ ?

അതോ ഉറക്കം നടിച്ച് കിടക്കുകയായിരുന്നുവോ ?

സിദ്ധാർത്ഥന്റെ മുടിച്ചുരുളുകളും വാളുമായി ചന്നൻ മടങ്ങിയെത്തിയപ്പോൾ യശോധരയും രാജ്ഞിയും എന്താണ് ചിന്തിച്ചത് ?

സിദ്ധാർത്ഥന്റെ അസാനിധ്യത്തിൽ ബുദ്ധന്റെ വീട്ടിലെ അംഗങ്ങൾക്ക് എന്തു സംഭവിച്ചു ?
ബുദ്ധന് ബോധോദയമുണ്ടായ വാർത്ത ആരാണ് ആദ്യം കേട്ടത് ?
ബുദ്ധന്റെ മടക്കം ആരാണ് ആദ്യം സ്വാഗതം ചെയ്തത് ?
അദ്ദേഹം കപിലവസ്തുവിലേക്ക് മടങ്ങിയെത്തിയപ്പോൾ അദ്ദേഹത്തെ സ്വീകരിക്കുവാൻ നഗരം മുഴുവൻ പുറത്ത് വന്നുവോ ?

തുടങ്ങിയ ചോദ്യങ്ങൾ സ്വാസ്തിയുടെ മാത്രം കുത്തകയല്ല ; നമ്മുടേതുമല്ലേ !
അവക്കും ഗ്രന്ഥകാരൻ ശരിയായ , യുക്തിഭദ്രമായ ഉത്തരം തരുന്നുണ്ട് . മാത്രമല്ല വിവർത്തകന്റെ ഭാഷ പുസ്തകത്തിന് ഏറെ പാരായണ സുഖം നൽകുന്നു എന്ന വസ്തുത ഇവിടെ പ്രത്യേകിച്ച് എടുത്തു പറയേണ്ടതാണ് .

ആശംസകളോടെ : ഫിസിക്സ് വിദ്യാലയം
അവിടേക്ക് എത്തിച്ചേരുവാൻ താഴെ ക്ലിക്ക് ചെയ്യുക
http://karipparasunils.blogspot.com